**"ഭരണ ഭാഷ –മാതൃഭാഷ"**

**വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: അനുപമ റ്റി.വി IAS)**

വിഷയം :-വനിതാ ശിശു വികസന വകുപ്പ്- ഐ.സി.ഡി.എസ് – അങ്കണവാടി ക്ലബ്ബിങ് പ്രൊപ്പോസലിന്മേൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1.സർക്കാരിന്റെ 19.11.2020 ലെ സ .ഉ (സാ ധാ )നം .655 / 2020 സാ നീ വ നമ്പർ സർക്കാർ ഉത്തരവ് .

2. ഈ കാര്യാലയത്തിൽ നിന്നുള്ള 23.10.2020, 09.12.2020, 29.01.2021 എന്നീ തിയ്യതികളിലെ ഇതേ നമ്പർ പ്രകാരമുള്ള കത്തുകൾ
3. 26.02.2021 ലെ പത്തനംതിട്ട പി .ഒ യുടെ നമ്പർ C4 -1641 / 20 നമ്പർ കത്ത്
4. 10.02.2020,28.10.2021 എന്നീ തിയ്യതികളിലെ പാലക്കാട് പി .ഒ യുടെ നമ്പർ ബി -1739 / 19 നമ്പർ കത്ത്.
5. 20.07.2021 ലെ പാലക്കാട് പി .ഒ യുടെ നമ്പർ ബി DWICDS/870/21 നമ്പർ കത്ത്.
6. 03.08.2021 ലെ കണ്ണൂർ പി .ഒ യുടെ നമ്പർ PO/KNR/B -2053 / 20 നമ്പർ കത്ത്.

**ഉത്തരവ് നം:ICDS/B1-9568/2021 തീയതി: 08.11.2021**

സംസ്ഥാനത്ത് നിലവിലുള്ള അങ്കണവാടി സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യാധിഷ്ഠിതമായും കാലോചിതമായും പരിഷ്കരിക്കുന്നതിന്റെയും ഭാഗമായി സാദ്ധ്യമായ സ്ഥലങ്ങളിൽ അധിക ബാധ്യതയില്ലാതെ രണ്ടോ മൂന്നോ അങ്കണവാടികൾ ക്ലബ് ചെയ്യുകയോ രണ്ട് അങ്കണവാടിയും ക്രഷുമായി ക്ലബ്ബ് ചെയ്യുകയോ ചെയ്ത് രാവിലെ 7AM മുതൽ വൈകുന്നേരം 7PM വരെ പ്രവർത്തിക്കുന്നതിനും അങ്കണവാടി വർക്കർ/ഹെൽപ്പർ ഷിഫ്റ്റടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിനും സംസ്ഥാനത്തിൽ അങ്കണവാടികളെ ക്ലബ്ബ് ചെയ്ത് ഷിഫ്റ്റടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനുമായുള്ള മാർഗ്ഗ നിർദ്ദേശം പരാമർശം (1) പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ് .

ഇത്തരത്തിൽ സംസ്ഥാനത്തിലെ അങ്കണവാടികളെ പരിശോധിച്ച് അങ്കണവാടി ക്ലബ്ബിങ് ഗൈഡ് ലൈൻ പ്രകാരം ക്ലബ്ബ് ചെയ്ത് പ്രവർത്തിക്കാവുന്ന അങ്കണവാടികളെ കണ്ടെത്തി ഉചിതമായ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു . പരാമർശം 3,4,5 പ്രകാരം പത്തനംതിട്ട , പാലക്കാട് ,കണ്ണൂർ എന്നീ ജില്ലകളിൽ നിന്നും അങ്കണവാടികളുടെ പ്രൊപ്പോസലും ബന്ധപ്പെട്ട പഞ്ചായത്ത് തീരുമാനവും ലഭ്യമായിട്ടുണ്ട് .

അപ്രകാരം പരാമർശം 1 ലെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള അങ്കണവാടി ക്ലബ്ബിങ് മാർഗ്ഗ നിർദ്ദേശങ്ങളുടെയും ഈ കാര്യാലയത്തിലെ പരാമർശം (2) ലെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള പ്രൊപ്പോസലുകൾ പരിഗണിച്ച് പ്രസ്തുത പരാമർശം 1,2 മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി സംസ്ഥാനത്തിലെ ചുവടെ പറയുന്ന ജില്ലകളിലെ അങ്കണവാടികളെ ക്ലബ്ബ് ചെയ്ത് ഷിഫ്റ്റടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

**അങ്കണവാടികൾ ക്ലബ്ബ് ചെയ്ത് പ്രവർത്തിക്കുന്നതിനായി തെരെഞ്ഞെടുത്തിട്ടുള്ള അങ്കണവാടികളുടെ വിശദാംശം**

| ക്രമ നം | ജില്ല | പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് / മുൻസിപ്പാലിറ്റി | ക്ലബ്ബ് ചെയ്യുന്ന അങ്കണവാടികൾ |
|---|---|---|---|---|
| 1 | പത്തനംതിട്ട | പന്തളം | ആറന്മുള ഗ്രാമ പഞ്ചായത്ത് | സെന്റർ .നം 35, ( മാതൃക അങ്കണവാടി) & സെന്റർ .നം 34,32 |
| 2 | പാലക്കാട് | ചിറ്റൂർ അഡീഷണൽ | ചിറ്റൂർ മുൻസിപ്പാലിറ്റി, തത്തമംഗലം | സെന്റർ .നം 85 & 105 |
| 3 | പാലക്കാട് | ചിറ്റൂർ അഡീഷണൽ | ചിറ്റൂർ മുൻസിപ്പാലിറ്റി, തത്തമംഗലം | സെന്റർ .നം 88 & 104 |
| 4 | പാലക്കാട് | ചിറ്റൂർ അഡീഷണൽ | ചിറ്റൂർ മുൻസിപ്പാലിറ്റി, തത്തമംഗലം | സെന്റർ .നം 107& 93 |
| 5 | പാലക്കാട് | ചിറ്റൂർ അഡീഷണൽ | ചിറ്റൂർ മുൻസിപ്പാലിറ്റി, തത്തമംഗലം | സെന്റർ .നം 96& 95 |
| 6 | പാലക്കാട് | ചിറ്റൂർ അഡീഷണൽ | ചിറ്റൂർ മുൻസിപ്പാലിറ്റി, തത്തമംഗലം | സെന്റർ .നം 103 & 97 |
| 7 | പാലക്കാട് | പാലക്കാട് | പാലക്കാട് മുൻസിപ്പാലിറ്റി | സെന്റർ .നം 153, ( മാതൃക അങ്കണവാടി) & സെന്റർ .നം 154,156 |
| 8 | കണ്ണൂർ | കണ്ണൂർ അർബൻ | കണ്ണൂർ നഗരസഭ | സെന്റർ .നം 22, ( മാതൃക അങ്കണവാടി) & സെന്റർ .നം 14,55 |

മേൽ അങ്കണവാടികളിൽ സർക്കാർ അംഗീകരിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശമനുസരിച്ച് ഭൗതീക സാഹചര്യങ്ങൾ സജ്ജമാക്കുകയും അങ്കണവാടി ജീവനക്കാരെ ഷിഫ്റ്റടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ച് അങ്കണവാടികൾ ക്ലബ്ബ് ചെയ്ത്

പ്രവർത്തിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് . അങ്കണവാടി ക്ലബ്ബിങ്ങിനായുള്ള സർക്കാർ അംഗീകൃത മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു .

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

1. ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക്
2. ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്കും
3. ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്കും
4. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

0 3 DEC

**കേരള സർക്കാർ** 015069

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- സംസ്ഥാനത്ത് നിലവിലുള്ള അങ്കണവാടി സംയോജനം - മാർഗ്ഗനിർദ്ദേശം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 655/2020/സാ.നീ.വ** **തീയതി, തിരുവനന്തപുരം, 19.11.2020**

---

പരാമർശം: വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 22.06.2020, 28.09.2020 തീയതികളിലെ ഐസിഡിഎസ്/ബി1/9568/19 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് നിലവിലുള്ള അങ്കണവാടി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യാധിഷ്ഠിതമായും കാലോചിതമായും പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 30.01.2020 ന ചേർന്ന 4-ാമത് ഗവേണിംഗ് ബോഡി യോഗ തീരുമാനപ്രകാരം സാദ്ധ്യമായ സ്ഥലങ്ങളിൽ അധിക ബാധ്യതയില്ലാത്ത രണ്ടോ മൂന്നോ അങ്കണവാടികൾ ക്ലബ് ചെയ്യുകയോ 2 അങ്കണവാടിയും ഒരു ക്രഷും ക്ലബ് ചെയ്യുകയോ ചെയ്ത് രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ പ്രവർത്തിപ്പിക്കുന്നതിനും അങ്കണവാടി വർക്കർ/അങ്കണവാടി ഹെൽപ്പർ ഷിഫ്റ്റടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. ഇപ്രകാരം അങ്കണവാടികൾ സംയോജിപ്പിക്കുമ്പോൾ രണ്ട് ഷിഫ്റ്റായി പ്രവർത്തിപ്പിക്കുന്ന സ്ഥലങ്ങളിൽ അങ്കണവാടി പ്രവർത്തനം 8 മണി മുതൽ വൈകുന്നേരം 6 മണി വരെയാക്കുന്നതിനും തീരുമാനിച്ചിരുന്നു. ഇത്തരത്തിൽ സംസ്ഥാനത്തെ അങ്കണവാടികൾ ക്ലബ് ചെയ്ത് പ്രവർത്തിക്കുന്നതിന് പൊതുവായിട്ടുള്ള മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കേണ്ടതുണ്ടെന്നും പ്രസ്തുത മാർഗ്ഗ നിർദ്ദേശത്തിന് അംഗീകാരം നൽകണമെന്നും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ അങ്കണവാടികൾ ക്ലബ് ചെയ്ത് പ്രവർത്തിക്കുന്നതിന് അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശം അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിജു പ്രഭാകർ**
**സെക്രട്ടറി**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അങ്കണവാടി സംയോജന (ക്ലബ്ബിംഗ്) ത്തിനായുള്ള ഗൈഡ് ലൈൻ

സംസ്ഥാനത്തെ 33115 അങ്കണവാടികളിലൂടെ 6 മാസം മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികളായ സ്ത്രീകൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് അനുപൂരക പോഷകാഹാരം, പ്രീ-സ്കൂൾ വിദ്യാഭ്യാസം, രോഗ പ്രതിരോധ പരാമർശ സേവനം, ECCE, വളർച്ച നിരീക്ഷണം, ഗുണഭോക്താക്കളിലെ അവബോധം മുതലായ സേവനങ്ങൾ നൽകി വരുന്നു.

നിലവിൽ അങ്കണവാടികളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ പ്രീസ്കൂൾ പ്രവർത്തനവും വൈകുന്നേരം 3.30ന് ശേഷം ഫീൽഡ് വിസിറ്റും നടക്കുന്നുണ്ട്. അങ്കണവാടികളെ സംയോജിപ്പിച്ച് പ്രവർത്തന സമയം രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ പുനഃക്രമീകരിക്കുകയും ക്രഷിന്റെ സേവനം കൂടി അങ്കണവാടികൾ വഴി നൽകുകയാണെങ്കിൽ പ്രസ്തുത അങ്കണവാടികൾ കൂടുതൽ കാര്യക്ഷമതയോടും പൊതുജനതാൽപ്പര്യത്തോടും പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നതാണ്. മാത്രമല്ല, അർബൻ ഏരിയായിൽ 4000/- രൂപയുടെ ഒരു വാടക കെട്ടിടത്തിനേക്കാൾ 8000/-, 12000/- രൂപ വരെ വാടക നൽകിയുള്ള മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ള കെട്ടിടത്തിൽ അടുത്തടുത്തുള്ള രണ്ടോ മൂന്നോ അങ്കണവാടികൾ ഒരുമിച്ച് പ്രവർത്തിക്കുന്നത് കൂടുതൽ അഭികാമ്യവും കൂടുതൽ കുട്ടികളെ അങ്കണവാടികളിൽ ആകർഷിക്കുന്നതിന് സഹായകരമാകുന്നതാണ് ഒപ്പം രക്ഷിതാക്കൾക്കും പ്രത്യേകിച്ച് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പ്രയോജനകരവുമായിരിക്കും.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ശൈശവത്തിൽ തന്നെ പ്രത്യേക പരിരക്ഷയും സംരക്ഷണവും ആവശ്യമാണ്. ഈ കുട്ടികൾക്ക് ആരോഗ്യപരിരക്ഷയോടൊപ്പം പ്രീ-സ്കൂൾ വിദ്യാഭ്യാസം ഉറപ്പു വരുത്തേണ്ടതുണ്ട്. സ്പെഷ്യൽ അങ്കണവാടി എന്ന നൂതന ആശയം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സമപ്രായക്കാരായ മറ്റ് കുട്ടികളുമായി അങ്കണവാടിയിൽ ഇടപഴകാൻ അനുവദിക്കുന്നതുവഴി അവരുടെ മാനസികാരോഗ്യവും ആത്മവിശ്വാസവും മെച്ചപ്പെടുത്താൻ സഹായിക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളോട് സഹാനുഭൂതിയോടെ പെരുമാറാൻ മറ്റ് കുട്ടികളും പഠിക്കുന്നു. കൂടാതെ ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് കുട്ടികളെ സുരക്ഷിതമായ ഒരു സ്ഥലത്ത് അയയ്ക്കാൻ സാധിക്കുന്നുവെന്ന ആശ്വാസവും നൽകുന്നു. സ്പെഷ്യൽ അങ്കണവാടിയ്ക്ക് അത്യാവശ്യമായത് Barrier free access ഉം Special Education ന്റെ സേവനവുമാണ്. ക്ലബ്ബുചെയ്യുന്ന അങ്കണവാടികളിൽ മികച്ച സൗകര്യവും കൂടുതൽ

ജീവനക്കാരുടെ സേവനവും ലഭ്യമാകുന്നതിനാൽ ഇങ്ങനെ ക്ലബ്ബ് ചെയ്യുന്ന അങ്കണവാടികളെ സ്പെഷ്യൽ അങ്കണവാടികളായി കൂടി പ്രവർത്തിപ്പിക്കാവുന്നതാണ്. അങ്കണവാടി ക്ലബിംഗ് കം സ്പെഷ്യൽ അങ്കണവാടികൾക്ക് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**അങ്കണവാടികൾ സംയോജിപ്പിക്കുന്നതിന് ചുവടെ പറയുന്ന രീതികൾ അവലംബിക്കാവുന്നതാണ്.**

1. മൂന്ന് അങ്കണവാടികളെ ക്ലബ് ചെയ്യുക.

മൂന്ന് അങ്കണവാടികളെ ക്ലബ് ചെയ്ത് പ്രവർത്തിപ്പിക്കുമ്പോൾ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ പ്രവർത്തന സമയം ക്രമീകരിക്കാവുന്നതും, മൂന്ന് അങ്കണവാടി വർക്കറെയും മൂന്ന് അങ്കണവാടി ഹെൽപ്പറെയും മൂന്ന് ഷിഫ്റ്റടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കാവുന്നതാണ്.

2. രണ്ട് അങ്കണവാടികളെയും ഒരു ക്രഷുമായി സംയോജിപ്പിക്കുക

രണ്ട് അങ്കണവാടികളെ ഒരു ക്രഷുമായി ക്ലബ് ചെയ്ത് പ്രവർത്തിപ്പിക്കുമ്പോൾ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ പ്രവർത്തന സമയം ക്രമീകരിക്കാവുന്നതും, രണ്ട് അങ്കണവാടി വർക്കറെയും രണ്ട് അങ്കണവാടി ഹെൽപ്പറെയും ക്രഷിലെ ജീവനക്കാരും മൂന്ന് ഷിഫ്റ്റടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കാവുന്നതാണ്.

3. രണ്ട് അങ്കണവാടികളെ ക്ലബ് ചെയ്യുക

രണ്ട് അങ്കണവാടികളെ ക്ലബ് ചെയ്ത് പ്രവർത്തിപ്പിക്കുമ്പോൾ രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ പ്രവർത്തന സമയം ക്രമീകരിക്കാവുന്നതും, രണ്ട് അങ്കണവാടി വർക്കറെയും രണ്ട് അങ്കണവാടി ഹെൽപ്പറെയും രണ്ട് ഷിഫ്റ്റടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കാവുന്നതാണ്.

4. ഒരു അങ്കണവാടിയും ഒരു ക്രഷുമായി സംയോജിപ്പിക്കുക

ഒരു അങ്കണവാടിയെ ഒരു ക്രഷുമായി ക്ലബ് ചെയ്ത് പ്രവർത്തിപ്പിക്കുമ്പോൾ രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ പ്രവർത്തന സമയം ക്രമീകരിക്കാവുന്നതും, ഒരു അങ്കണവാടി വർക്കറെയും ഒരു അങ്കണവാടി ഹെൽപ്പറെയും ക്രഷിലെ ജീവനക്കാരും രണ്ട് ഷിഫ്റ്റടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കാവുന്നതാണ്.

**അങ്കണവാടി ജീവനക്കാരുടെ പ്രവർത്തന ക്രമീകരണം**

- അങ്കണവാടി ക്ലബ് ചെയ്യുമ്പോൾ ക്ലബ് ചെയ്ത അങ്കണവാടികളിലെയും ക്രഷിലെയും ജീവനക്കാരെ ഷിഫ്റ്റടിസ്ഥാനത്തിൽ പുനഃക്രമീകരിക്കേണ്ടതാണ്.

- അങ്കണവാടി പ്രവർത്തനം ഷിഫ്റ്റ് അടിസ്ഥാനത്തിൽ ക്രമീകരിക്കുമ്പോൾ 15 ദിവസ ക്രമത്തിൽ ഓരോ ഷിഫ്റ്റും മാറ്റം വരുത്തേണ്ടതും ആയത് ശിശു വികസന പദ്ധതി ഓഫീസർ ഉറപ്പവരുത്തേണ്ടതുമാണ്.
- അങ്കണവാടി വർക്കർ, ഹെൽപ്പർമാരുടെ നിലവിലെ നിയമന വ്യവസ്ഥകളും, സേവന വേതന വ്യവസ്ഥകളും, (പ്രവർത്തന സമയക്രമീകരണം ഒഴികെയുള്ള) സർക്കാർ നിർദ്ദേശങ്ങളും ഉത്തരവുകളും ക്ലബ് ചെയ്യുന്ന അങ്കണവാടികളിലെ ജീവനക്കാർക്കും ബാധകമായിട്ടുള്ളതും ഉറപ്പവരുത്തേണ്ടതുമാണ്.

മേൽ പരാമർശിച്ച പ്രകാരം അങ്കണവാടികൾ ക്ലബ് ചെയ്യുമ്പോഴുള്ള അങ്കണവാടി പ്രവർത്തന ക്രമീകരണം ചുവടെ പറയുന്നു.

1. **<u>മൂന്ന് അങ്കണവാടികളെ ക്ലബ് ചെയ്യുമ്പോൾ</u>**

<u>ടാർജറ്റ് ഗ്രൂപ്പ്</u>

6 മാസം മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ

- പ്രവർത്തന സമയം – രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ
- അങ്കണവാടി പ്രവർത്തനം മൂന്ന് ഷിഫ്റ്റുകളായി ക്രമീകരിക്കാവുന്നതും ഇതിൽ മൂന്ന് വീതം അങ്കണവാടി വർക്കർ, ഹെൽപ്പർ, എന്നിവരുടെ സേവനം ഉറപ്പവരുത്തേണ്ടതുമാണ്.
- ക്ലബ് ചെയ്യുന്ന അങ്കണവാടികളിൽ ഒരു അങ്കണവാടി വർക്കർ, ഹെൽപ്പർ പ്രീ-സ്കൂൾ കൈകാര്യം ചെയ്യേണ്ടതും രണ്ട് വീതം അങ്കണവാടി വർക്കർ, ഹെൽപ്പർമാർ ക്രഷിലെ പ്രവർത്തനം കൈകാര്യം ചെയ്യേണ്ടതുമാണ്.

**മൂന്ന് അങ്കണവാടികൾ ക്ലബ് ചെയ്യുമ്പോഴുള്ള അങ്കണവാടി പ്രവർത്തന ക്രമീകരണം ചുവടെ പറയുന്നു**

| ഷിഫ്റ്റ് | സമയക്രമീകണം | അങ്കണവാടി ജീവനക്കാർ | അങ്കണവാടി പ്രവർത്തനം |
|---|---|---|---|
| ഒന്നാം ഷിഫ്റ്റ് | രാവിലെ 7 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ | വർക്കർ – 1<br>ഹെൽപ്പർ – 1 | ക്രഷ് |
| രണ്ടാം ഷിഫ്റ്റ് | രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ | വർക്കർ – 1<br>ഹെൽപ്പർ – 1 | പ്രീ-സ്കൂൾ |
| മൂന്നാം ഷിഫ്റ്റ് | ഉച്ചയ്ക്ക് 1 മണി മുതൽ വൈകുന്നേരം 7 മണി വരെ | വർക്കർ – 1<br>ഹെൽപ്പർ – 1 | ക്രഷ് |

- **ഫീൽഡ് വിസിറ്റിംഗ്**
  - ക്ലബ് ചെയ്യുന്ന അങ്കണവാടിയിലെ ജീവനക്കാർ അവരവരുടെ അങ്കണവാടി മേഖലയിൽ ഫീൽഡ് വിസിറ്റിംഗ് നിർബന്ധമായും ചെയ്യേണ്ടതാണ്.

**1st ഷിഫ്റ്റ് – 7 am to 1 pm** – ഉച്ചയ്ക്ക് ശേഷം ഫീൽഡ് വിസിറ്റിംഗ് ചെയ്യേണ്ടതും പൂർത്തീകരിക്കേണ്ടതുമാണ്.

**2nd ഷിഫ്റ്റ് – 9.30 am to 3.30 pm** – 3.30ന് ശേഷം ഫീൽഡ് വിസിറ്റിംഗ് ചെയ്യേണ്ടതും പൂർത്തീകരിക്കേണ്ടതുമാണ്.

**3rd ഷിഫ്റ്റ് – 1 pm to 7 pm** – ഉച്ചയ്ക്ക് 1 pm ന് മുൻപായി ഫീൽഡ് വിസിറ്റിംഗ് ചെയ്യേണ്ടതും പൂർത്തീകരിക്കേണ്ടതുമാണ്.

2. **രണ്ട് അങ്കണവാടിയും ഒരു ക്രഷുമായി ക്ലബ് ചെയ്യുമ്പോൾ**

ടാർജറ്റ് ഗ്രൂപ്പ്

6 മാസം മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ

- പ്രവർത്തന സമയം – രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ
- അങ്കണവാടി പ്രവർത്തനം മൂന്ന് ഷിഫ്റ്റുകളായി ക്രമീകരിക്കാവുന്നതും ഇതിൽ രണ്ട് വീതം അങ്കണവാടി വർക്കർ, ഹെൽപ്പർ, ക്രഷിലെ ജീവനക്കാർ എന്നിവരുടെ സേവനം ഉറപ്പുവരുത്തേണ്ടതുമാണ്.

**രണ്ട് അങ്കണവാടിയും ഒരു ക്രഷുമായി ക്ലബ്ബ് ചെയ്യുമ്പോഴുള്ള അങ്കണവാടി പ്രവർത്തന ക്രമീകരണം**

| **ഷിഫ്റ്റ്** | **സമയക്രമീകണം** | **അങ്കണവാടി ജീവനക്കാർ** | **അങ്കണവാടി പ്രവർത്തനം** |
|---|---|---|---|
| ഒന്നാം ഷിഫ്റ്റ് | രാവിലെ 7 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ | ക്രഷിലെ ജീവനക്കാർ | ക്രഷ് |
| രണ്ടാം ഷിഫ്റ്റ് | രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ | വർക്കർ – 1<br>ഹെൽപ്പർ – 1 | പ്രീ-സ്കൂൾ |
| മൂന്നാം ഷിഫ്റ്റ് | ഉച്ചയ്ക്ക് 1 മണി മുതൽ വൈകുന്നേരം 7 മണി വരെ | വർക്കർ – 1<br>ഹെൽപ്പർ – 1 | ക്രഷ് |

- **ഫീൽഡ് വിസിറ്റിംഗ്**

  ➢ ക്ലബ് ചെയ്യുന്ന അങ്കണവാടിയിലെ ജീവനക്കാർ അവരവരുടെ അങ്കണവാടി മേഖലയിൽ ഫീൽഡ് വിസിറ്റിംഗ് നിർബന്ധമായും ചെയ്യേണ്ടതാണ്.

1st **ഷിഫ്റ്റ് – 7 am to 1 pm** – ഉച്ചയ്ക്ക് ശേഷം ഫീൽഡ് വിസിറ്റിംഗ് ചെയ്യേണ്ടതും പൂർത്തീകരിക്കേണ്ടതുമാണ്.

2nd **ഷിഫ്റ്റ് – 9.30 am to 3.30 pm** – 3.30ന് ശേഷം ഫീൽഡ് വിസിറ്റിംഗ് ചെയ്യേണ്ടതും പൂർത്തീകരിക്കേണ്ടതുമാണ്.

3rd **ഷിഫ്റ്റ് – 1 pm to 7 pm** – ഉച്ചയ്ക്ക് 1 pm ന് മുൻപായി ഫീൽഡ് വിസിറ്റിംഗ് ചെയ്യേണ്ടതും പൂർത്തീകരിക്കേണ്ടതുമാണ്.

3. **രണ്ട് അങ്കണവാടികളെ ക്ലബ്ബ് ചെയ്യുമ്പോൾ**

ടാർജറ്റ് ഗ്രൂപ്പ്

3 വയസ്സ് മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ

➢ പ്രവർത്തന സമയം – രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ

➢ അങ്കണവാടി പ്രവർത്തനം രണ്ട് ഷിഫ്റ്റുകളായി ക്രമീകരിക്കാവുന്നതും ഇതിൽ രണ്ട് വീതം അങ്കണവാടി വർക്കർ, ഹെൽപ്പർമാരുടെ സേവനം ഉറപ്പുവരുത്തേണ്ടതുമാണ്.

**അങ്കണവാടി പ്രവർത്തന ക്രമീകരണം**

| ഷിഫ്റ്റ് | പ്രവർത്തനസമയം | അങ്കണവാടി ജീവനക്കാർ | അങ്കണവാടി പ്രവർത്തനം |
|---|---|---|---|
| ഒന്നാം ഷിഫ്റ്റ് | രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ | വർക്കർ – 1<br>ഹെൽപ്പർ – 1 | ക്രഷ് + പ്രീ-സ്കൂൾ |
| രണ്ടാം ഷിഫ്റ്റ് | ഉച്ചയ്ക്ക് 1 മണി മുതൽ വൈകുന്നേരം 6 മണി വരെ | വർക്കർ – 1<br>ഹെൽപ്പർ – 1 | ക്രഷ് + പ്രീ-സ്കൂൾ |

- **ഫീൽഡ് വിസിറ്റിംഗ്**

1st **ഷിഫ്റ്റ് – 8 am to 1 pm** – ഉച്ചയ്ക്ക് ശേഷം ഫീൽഡ് വിസിറ്റിംഗ് ചെയ്യേണ്ടതും പൂർത്തീകരിക്കേണ്ടതുമാണ്.

2nd **ഷിഫ്റ്റ് – 1.00 pm to 6.00 pm** – രാവിലെ ഫീൽഡ് വിസിറ്റിംഗ് ചെയ്യേണ്ടതും പൂർത്തീകരിക്കേണ്ടതുമാണ്.

4. **<u>ഒരു അങ്കണവാടിയും ഒരു ക്രഷുമായി ക്ലബ്ബ് ചെയ്യുമ്പോൾ</u>**

<u>ടാർജറ്റ് ഗ്രൂപ്പ്</u>

6 മാസം മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ

- ➢ പ്രവർത്തന സമയം – രാവിലെ 8 മണി മുതൽ വൈകുന്നേരം 3.30 pm മണി വരെ
- ➢ **അങ്കണവാടിയിലെയും ക്രഷിലെയും ഗുണഭോക്തക്കളെ ഒരുമിച്ച് ഉൾപ്പെടുത്തേണ്ടതിനാൽ ജീവനക്കാരെ ചുവടെ പറയും പ്രകാരം ക്രമീകരിക്കാവുന്നതാണ്.**

| ജീവനക്കാർ | പ്രവർത്തന സമയം | അങ്കണവാടി പ്രവർത്തനം |
|---|---|---|
| ക്രഷിലെ ജീവനക്കാർ | രാവിലെ 8 മണി മുതൽ വൈകുന്നേരം 3.30 മണി വരെ | ക്രഷ് |
| അങ്കണവാടി വർക്കർ | രാവിലെ 9.30 മണി മുതൽ വൈകുന്നേരം 3.30 മണി വരെ | പ്രീ-സ്കൂൾ |
| അങ്കണവാടി ഹെൽപ്പർ | രാവിലെ 9.30 മണി മുതൽ വൈകുന്നേരം 3.30 മണി വരെ | ക്രഷ് + പ്രീ-സ്കൂൾ |

- **ഫീൽഡ് വിസിറ്റിംഗ്**
    - ➢ ക്ലബ് ചെയ്യുന്ന അങ്കണവാടിയിലെ ജീവനക്കാർ അവരവരുടെ അങ്കണവാടി മേഖലയിൽ ഫീൽഡ് വിസിറ്റിംഗ് നിർബന്ധമായും ചെയ്യേണ്ടതാണ്.

ഇത്തരത്തിൽ അങ്കണവാടികൾ സംയോജിപ്പിച്ച് പ്രവർത്തിക്കുന്നതിന് അങ്കണവാടിയുടെ, പ്രീ-സ്കൂൾ വിദ്യാഭ്യാസം, ഭൗതീക സാഹചര്യം, ഭക്ഷണ ക്രമീകരണം എന്നീ വിഷയങ്ങളിലെ പൊതുവായ മാർഗ്ഗനിർദ്ദേശം ചുവടെ പറയുന്നു.

- ◆ ഈ ജീവനക്കാർക്ക് പുറമെ ഭിന്ന ശേഷിക്കാരായ കുട്ടികൾക്കായി സ്പെഷ്യൽ എഡ്യൂക്കേഷന്റെ സേവനവും പഞ്ചായത്ത്/KSSM മുഖേന ലഭ്യമാക്കാവുന്നതാണ്.

പ്രീ-സ്കൂൾ വിദ്യാഭ്യാസം

- ➢ ക്ലബ്ബ് ചെയ്യുന്ന അങ്കണവാടികളിൽ ഹാജരാകുന്ന കുട്ടികളിൽ Age Specification പാലിക്കേണ്ടതും പ്രീ സ്കൂൾ പ്രവർത്തനത്തിന് പ്രത്യേക ക്ലാസ്സ് റൂം ഉറപ്പുവരുത്തേണ്ടതുമാണ്.
- ➢ മൂന്ന് അങ്കണവാടികൾ ക്ലബ്ബ് ചെയ്യുമ്പോൾ രണ്ടാമത്തെ ഷിഫ്റ്റ് (9.30am to 3.30 pm) പ്രീസ്കൂൾ പ്രവർത്തനത്തിന് ക്രമീകരിക്കാവുന്നതും ടി ഷിഫ്റ്റിലെ ജീവനക്കാർ പ്രീ-സ്കൂൾ കൈകാര്യം ചെയ്യേണ്ടതുമാണ്.
- ➢ അങ്കണവാടി പ്രവർത്തനം 15 ദിവസ ക്രമത്തിൽ ഷിഫ്റ്റടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിനാൽ പ്രീ-

സ്കൂൾ കൈകാര്യം ചെയ്യുന്ന ഓരോ ഷിഫ്റ്റിലെ അങ്കണവാടി പ്രവർത്തകർ അങ്കണത്തൈമാവ് ഉപയോഗിച്ച് തീം പ്രവർത്തനം നടത്തേണ്ടതും 15 ദിവസത്തിൽ കൈകാര്യം ചെയ്യുന്ന തീം പൂർത്തീകരിക്കേണ്ടതുമാണ്. TLM (Teaching Learning Material) ഉപയോഗിക്കേണ്ടതുമാണ്.

- പ്രീ-സ്കൂൾ കൈകാര്യം ചെയ്യുന്ന അങ്കണവാടി പ്രവർത്തകർ തന്നെ തീമിന്റെ പഠനോപകരണങ്ങൾ, തയ്യാറാക്കേണ്ടതാണ്. പ്രീ-സ്കൂൾ പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ കൃത്യമായും കുട്ടികൾക്ക് ഉപയോഗപ്രദമായ രീതിയിൽ നൽകേണ്ടതാണ്.
- പ്രീ-സ്കൂളിന് പ്രാധാന്യം നൽകുന്ന തരത്തിൽ പഠനോപകരണങ്ങൾ, ചാർട്ടുകൾ എന്നിവ പ്രദർശിപ്പിക്കേണ്ടതാണ്. ഇതിനായി പ്രത്യേക പ്രീ-സ്കൂൾ ഏരിയ (റൂം) ഏർപ്പെടുത്താവുന്നതാണ്.
- ECCE പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പ്രീ-സ്കൂൾ കോർണർ, അസസ്മെന്റ് കാർഡ്, ആക്ടിവിറ്റി ബുക്ക്, പോർട്ട് ഫോളിയോ, തീംചാർട്ട്, സാൻഡ് ട്രേ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
- ECCE day നടത്തുന്ന ദിവസം ക്ലബ്ബ് ചെയ്ത എല്ലാ അങ്കണവാടി ഏരിയയിലേയും കുട്ടികളുടെ അമ്മമാരെ ഒരുമിച്ച് ഉൾപ്പെടുത്തി കുട്ടികളുടെ അസ്സെസ്സ്മെന്റ് കാർഡ് അമ്മമാർക്ക് വിശദീകരിച്ചു കൊടുക്കുകയും വളർച്ച നിരീക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം നൽകേണ്ടതുണ്ട് കൂടാതെ ക്രഷിലെ കുട്ടികളുടെ അമ്മമാരെയും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
- ക്രഷിൽ ഹാജരാകുന്ന കുട്ടികളിൽ ഉണ്ടായേക്കാവുന്ന വൈകല്യം മുൻകൂട്ടി കണ്ടുപിടിക്കുകയും ഈ കുട്ടികൾ പ്രീ സ്കൂളിൽ ഹാജരാകുന്ന സമയത്ത് പ്രത്യേക പരിഗണനയും follow up ഉം നൽകേണ്ടതാണ്.
- പ്രീ-സ്കൂൾ പ്രവർത്തനവും ക്രഷിലെ പ്രവർത്തനവും നടത്തുന്ന അങ്കണവാടി പ്രവർത്തകർക്ക് പ്രത്യേക ഡ്യൂട്ടി സർട്ടിഫിക്കേഷൻ നടത്തേണ്ടതും പ്രസ്തുത പ്രവർത്തകരുടെ ഡ്യൂട്ടി എഴുതി പ്രദർശിപ്പിക്കേണ്ടതുമാണ്.
- മാസത്തിലൊരിക്കൽ ഡോക്ടർമാർ ഉൾപ്പെടുന്ന ഹെൽത്ത് ടീമിന്റെ സന്ദർശനം ഉറപ്പുവരുത്തണം.
- ക്ലബ്ബ് ചെയ്യുന്ന അങ്കണവാടിയിലെ എല്ലാ ജീവനക്കാർക്കും അങ്കണവാടി പ്രവർത്തനത്തിനും ക്രഷിലെ പ്രവർത്തനത്തിനായുള്ള പരിശീലനവും നൽകുന്നതിന് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

ക്ലബ്ബ് ചെയ്യുന്ന അങ്കണവാടികളിലെ വർക്കർ/ഹെൽപ്പർമാരുടെ സേവനം തൃപ്തികരമല്ലെന്ന്

തോന്നുന്നപക്ഷം ടി വർക്കർ/ഹെൽപ്പർമാരെ ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള അധികാരം ശിശു വികസന പദ്ധതി ഓഫീസർമാർക്ക് ഉണ്ടായിരിക്കുന്നതാണ്.

**ഭൗതിക സാഹചര്യം**

ക്ലബ്ബ് ചെയ്യുമ്പോൾ കൂടുതൽ സൗകര്യമുള്ളത്/സ്വന്തം കെട്ടിടമുള്ളത്/യാത്ര സൗകര്യം കൂടുതലുള്ളത് എന്നിങ്ങനെയുള്ള അങ്കണവാടി കെട്ടിടത്തിലേക്ക് ക്ലബ്ബ് ചെയ്യാനായിരിക്കണം മുൻഗണന നൽകേണ്ടത്.

- സ്ഥല സൗകര്യം
  - ➢ അങ്കണവാടി കെട്ടിടത്തിലേക്ക് റോഡ് സൗകര്യം ഉണ്ടായിരിക്കണം.
  - ➢ 2 ക്ലാസ്സ് റൂം (ക്രഷിനും പ്രീ സ്കൂളിനുമായി പ്രത്യേകം ക്ലാസ്സ് മുറികൾ), ഫീഡിംഗ് റൂം, കിച്ചൺ, സ്റ്റോർ റൂം, ടോയ്‌ലെറ്റ്, common space എന്നീ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിടത്തിനുണ്ടായിരിക്കണം.
  - ➢ സ്പെഷ്യൽ അങ്കണവാടി പ്രവർത്തിപ്പിക്കുന്ന പക്ഷം ഭിന്ന ശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക തെറാപ്പി മുറിയും ഉണ്ടായിരിക്കണം.
  - ➢ കെട്ടിടം ശിശു സൗഹൃദമായിരിക്കണം.
  - ➢ കുട്ടികൾക്ക് പഠിക്കുന്നതിനും കളിക്കുന്നതിനുമായി ഒരു കുട്ടിക്ക് കുറഞ്ഞത് 10-12 sq.ft അനുപാതത്തിൽ കെട്ടിട സൗകര്യം ഉറപ്പുവരുത്തണം.
  - ➢ മുറികളുടെ floor കഴുകുന്നതിനും തെന്നൽ സാധ്യത കുറവുള്ള ടൈൽ പാകിയതാവണം.
  - ➢ ജലസൗകര്യം, കുടിവെള്ള സൗകര്യം, വൈദ്യുതി ലഭ്യത ഉണ്ടായിരിക്കണം.
  - ➢ അങ്കണവാടി കെട്ടിടത്തിനും സ്ഥലത്തിനും യാതൊരുവിധ അപകടാവസ്ഥ ഉണ്ടാകാൻ പാടുള്ളതല്ല.
  - ➢ Nature friendly ആയിരിക്കണം.
  - ➢ അങ്കണവാടി കെട്ടിടം
    - Well ventilated
    - Electrified
    - Sufficient water supply
    - Barrier free access both inside and outside
    - Nature Friendly എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
  - ➢ അങ്കണവാടിക്ക് ചുറ്റുമതിൽ ഉണ്ടായിരിക്കണം. കുട്ടികളുടെ സുരക്ഷയ്ക്ക് മുന്തിയ പരിഗണന നൽകിയിരിക്കണം.

- <u>ക്ലാസ്സ് മുറികൾ</u>

    - ക്രഷിന്റെ പ്രവർത്തനത്തിനും പ്രീ-സ്കൂൾ പ്രവർത്തനത്തിനും പ്രത്യേകം ക്ലാസ്സ് മുറികൾ ഉണ്ടായിരിക്കണം.
    - ഒരു കുട്ടിക്ക് 10-12 സ്ക്വയർ ഫീറ്റ് എന്ന അനുപാതത്തിൽ കുറഞ്ഞത് 120-150 സ്ക്വയർ ഫീറ്റ് പ്ലിന്ത് ഏരിയ ക്ലാസ്സ് മുറികൾക്ക് ഉണ്ടായിരിക്കേണ്ടതാണ്.
    - ക്ലാസ്സ് മുറികളിൽ ചുവരുകൾ smooth edges ഉം washable floor ഉം ഉറപ്പ് വരുത്തണം.
    - ചുമരുകളിൽ ആകർഷകമായ ചിത്രങ്ങളും ചാർട്ടുകളും ഉണ്ടാകണം.
    - എല്ലാ മുറികളിലേക്കും വീൽ ചെയറിൽ സഞ്ചരിക്കാൻ സാധിക്കണം.
    - First aid box നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
    - ഭിന്ന ശേഷി കുട്ടികൾക്കായി special charts, puzzles, flash cards, jumbo numbers എന്നിവ ക്രമീകരിക്കേണ്ടതാണ്.

- <u>ഫീഡിംഗ് റൂം</u>

    - ക്രഷിലെ കുട്ടികൾക്കും, പ്രീ-സ്കൂൾ കുട്ടികൾക്കും പ്രത്യേകം ഫീഡിംഗ് ഏരിയ ഉണ്ടായിരിക്കണം.
    - അമ്മമാർക്ക് breast feeding ചെയ്യുന്നതിനുള്ള സൗകര്യം അങ്കണവാടികളിൽ ഉണ്ടായിരിക്കണം.

- <u>കിച്ചൺ</u>

    - വൃത്തിയുള്ള അടുക്കള സൗകര്യം ഉറപ്പുവരുത്തണം.
    - അങ്കണവാടിയിലെ ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതിനായി പ്രത്യേക സ്റ്റോർ റൂം ഉണ്ടായിരിക്കണം.
    - അടുക്കള മാലിന്യം പുറംതള്ളുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള സൗകര്യം ഉണ്ടായിരിക്കണം.

- <u>ടോയ്‌ലെറ്റ്</u>

    - അങ്കണവാടി ജീവനക്കാർക്കും അങ്കണവാടി കുട്ടികൾക്കും പ്രത്യേകം ടോയ്‌ലെറ്റ് സൗകര്യം ഉറപ്പ് വരുത്തേണ്ടതാണ്.
    - Baby friendly toilet ഉണ്ടായിരിക്കണം.
    - ടോയ്‌ലെറ്റ് ഭിന്നശേഷിക്കാർക്ക് അനുയോജ്യമായിരിക്കണം.

- അങ്കണവാടിതല മീറ്റിംഗ്, അമ്മമാരുടെ മീറ്റിംഗ്, കമ്മ്യൂണിറ്റി ഇവന്റ്സ്, അഡോളസെന്റ് ഗേൾസിനായുള്ള മീറ്റിംഗ് എന്നിവ നടത്തുന്നതിന് പ്രത്യേക ഏരിയ റൂം ഉണ്ടായിരിക്കേണ്ടതാണ്.
- അങ്കണവാടി കെട്ടിടം ഇരുനില കെട്ടിടമാണെങ്കിൽ കുഞ്ഞിന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് താഴത്തെ നിലയിൽ ക്രഷ് പ്രവർത്തിപ്പിക്കേണ്ടതാണ്.
- ക്ലബ്ബ് ചെയ്യുന്ന ഓരോ അങ്കണവാടികളിലെയും സ്റ്റോക്ക് രജിസ്റ്റർ, CAS, DATA, NNM സ്മാർട്ട് ഫോൺ, growth monitoring device എന്നിവ പ്രത്യേകം കൈകാര്യം ചെയ്യേണ്ടതും ആയത് സൂക്ഷിക്കുന്നുണ്ടോന്ന് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.
- ക്രഷിൽ വരുന്ന കുട്ടികൾക്ക് ഉറങ്ങാനുള്ള സൗകര്യങ്ങൾ (തൊട്ടിൽ, പായ, ഷീറ്റ്, ബേബി ബെഡ് etc..) പ്രാഥമിക ആവശ്യങ്ങൾക്കായി പ്രത്യേക സൗകര്യങ്ങൾ (പോട്ടി, ടൗവലുകൾ) എന്നിവ ഉണ്ടായിരിക്കണം.
- ഭിന്നശേഷി കുട്ടികൾക്ക് ഉപയോഗപ്രദമായ കുടിവെള്ളം, വാഷിംഗ് സൗകര്യങ്ങൾ ക്രമീകരിക്കേണ്ടതാണ്. അങ്കണവാടികൾ ഭിന്നശേഷി സൗഹൃദമായിരിക്കണം.

**ഭക്ഷണക്രമീകരണം**

- അങ്കണവാടികൾ ക്ലബ്ബ് ചെയ്ത് പ്രവർത്തിക്കുമ്പോൾ പ്രവർത്തന സമയ ക്രമീകരണം രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ ആയതിനാൽ പ്രഭാത ഭക്ഷണം, പ്രഭാത ലഘുഭക്ഷണം, ഉച്ച ഭക്ഷണം, ജനറൽ ഫീഡിംഗ്, സായാഹ്ന ഭക്ഷണം എന്നിങ്ങനെ 5 നേരം ഭക്ഷണം ഒരുക്കാവുന്നതാണ്.

| | |
|---|---|
| 8 AM | - പ്രഭാത ഭക്ഷണം |
| 10.30 AM | - പ്രഭാത ലഘുഭക്ഷണം |
| 12.30 PM | - ഉച്ച ഭക്ഷണം |
| 3.00 PM | - ജനറൽ ഫീഡിംങ് |
| 5.00 PM | - സായാഹ്ന ഭക്ഷണം |

- നിലവിൽ SNP ക്ക് ആവശ്യമായ തുകയ്ക്ക് ഉപരിയായി ഇതിലേക്കാവശ്യമായ ഫണ്ട് LSGD വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടെത്തേണ്ടതാണ്.
- മൂന്ന് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് നൽകുന്ന അമൃതം ന്യൂട്രിമിക്സ് ഒരു കുട്ടിക്ക് 1.875 kg

അങ്കണവാടിയിൽ ഭക്ഷണത്തിന് ഉപയോഗിക്കാവുന്നതും ബാക്കി 1.5 kg വീട്ടുകളിൽ നൽകാവുന്നതുമാണ്.

- ➢ അങ്കണവാടികളിൽ മെനു പരിഷ്ക്കരിക്കാവുന്നതും വൈവിധ്യവൽക്കരിക്കാവുന്നതുമാണ്.

- ◆ **അങ്കണവാടി ക്ലബ്ബ് ചെയ്യുമ്പോൾ ക്ലബ്ബ് ചെയ്യുന്ന അങ്കണവാടികളിലെ ALMC ഉൾപ്പെടുത്തി അങ്കണവാടി വികസന സമിതി കൂടാവുന്നതാണ്. ടി കമ്മിറ്റിയിൽ അങ്കണവാടി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ലോക്കൽ കമ്മിറ്റി മെമ്പർ (വാർഡ് മെമ്പർ / കൗൺസിലർ ) ചെയർമാനായിരിക്കും. ക്ലബ്ബ് ചെയ്യുന്ന അങ്കണവാടികളിലെ വർക്കർ/ഹെൽപ്പർമാർക്ക് തുല്യ പ്രാധാന്യം ഉണ്ടായിരിക്കുന്നതുമാണ്.**
- ◆ **അങ്കണവാടി വികസന സമിതിക്ക് ക്ലബ്ബ് ചെയ്യുന്ന അങ്കണവാടികളിലേക്ക് വാഹന സൗകര്യം ഉൾപ്പെടെയുള്ള അധിക സൗകര്യങ്ങൾ സ്വന്തം നിലക്ക് ഏർപ്പെടുത്താവുന്നതാണ്.**